ടെയാണ് ഇവയുടെ പ്രഖ്യാപനം നടന്നത്.
സ്വതന്ത്ര പരമാധികാര സാമ്പത്തിക അധികാരമുള്ള ദുബായിലെ ഏക സ്ഥാപനമായ ഇൻവെസ്റ്റ്മെൻറ് കോർപ്പറേഷന് കീഴിലായിരിക്കും ഡി.ഡബ്ല്യൂ.ടി.സി.എ. പ്രവർത്തിക്കുക.



# യോഗാ ദിനം: ജൂൺ 21 ന് ദുബായിലും ആഘോഷം

ദുബായ്: യോഗയുടെ പാഠങ്ങളും നേട്ടങ്ങളും ലോകത്തോട് കൂടുതൽ വിളിച്ചുപറയാനായി ദുബായിയും തയ്യാറെടുക്കുന്നു. ഐക്യരാഷ്ട്രസഭ ലോക യോഗാ ദിനമായി ആഹ്വാനം ചെയ്ത ജൂൺ 21-ന് ദുബായ് അൽവാസൽ സ്പോർട്സ് ക്ലബ്ബ് ഗ്രൗണ്ടിലാണ് പരിപാടി.

ദുബായിലെ ഇന്ത്യൻ കോൺസുലേറ്റാണ് പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. ദേശങ്ങളുടെയും ഭാഷകളുടെയും വ്യത്യാസമില്ലാതെ ചിട്ടയായ ജീവിതത്തിനായി ആയിരങ്ങൾ നോക്കിക്കാണുന്ന യോഗയുടെ പ്രചാരണം കൂടി ലക്ഷ്യമിട്ടാണ് പരിപാടികൾ. യു.എ.ഇ.യുടെ വിവിധ ഭാഗങ്ങളിൽ വർഷങ്ങളായി യോഗ പരിശീലിപ്പിക്കുന്നവരും പരിശീലിക്കുന്നവരും പരിപാടിയിൽ സംബന്ധിക്കും. ജൂൺ 21-ന് നോമ്പുതുറക്ക് ശേഷം രാത്രി എട്ടിന് അൽവാസൽ ഗ്രൗണ്ടിൽ നടക്കുന്ന പരിപാടിയിൽ 15,000 പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കോൺസൽ ജനറൽ അനുരാഗ് ഭൂഷൺ പത്രസമ്മേളനത്തിൽ അറിയിച്ചു. വിവിധ ദേശക്കാരായ ആയിരങ്ങൾ യോഗയെ അറിയാനായി എത്തുമെന്നും പ്രതീക്ഷിക്കുന്നു. വർഷങ്ങളായി യോഗയെ പരിചയപ്പെടുത്തുന്ന പ്രമുഖരെ ചടങ്ങിൽ ആദരിക്കും.



വ്യാഴാഴ്ചത്തെ യോഗാദിന ആഘോഷത്തെക്കുറിച്ച് ഇന്ത്യൻ കോൺസൽ ജനറൽ അനുരാഗ് ഭൂഷൺ സംസാരിക്കുന്നു

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അഭ്യർഥന പ്രകാരം ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്ത യോഗാദിനത്തിനായി ലോകമെങ്ങും നടക്കുന്ന പരിപാടികളുടെ ഭാഗമായാണ് യു.എ.ഇ.യിലെ ആഘോഷം ദുബായിൽ സംഘടിപ്പിക്കുന്നത്. സൗദി അറേബ്യ, അമേരിക്ക, കാനഡ, ചൈന ഉൾപ്പെടെ 170 രാജ്യങ്ങളിൽ ആഘോഷം നടക്കും. ദുബായിലെ ആഘോഷങ്ങളിൽ പങ്കെടുക്കുന്നവർക്ക് യോഗ കിറ്റ് നൽകും.

പങ്കെടുക്കാൻ താൽപ്പര്യപ്പെടുന്നവർക്ക് സൗജന്യമായിത്തന്നെ പേരുകൾ രജിസ്റ്റർ ചെയ്യാം. www.iyd.ae എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം പരിപാടിക്ക് എത്തുമ്പോൾ പ്രിൻറ് ഔട്ട് കൊണ്ടുവരണം. വിവിധ യോഗ സ്കൂളുകളുടെ സ്റ്റാളുകളും ഇതിൽ സജ്ജീകരിക്കുന്നുണ്ട്. അൽവാസൽ ക്ലബ്ബ് സി.ഇ.ഒ. അഷ്റഫ് അഹമ്മദ് മുഹമ്മദ്, സതീഷ് മയ്യ എന്നിവരും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.



സെർവിക്കൽ കാൻസർ ബോധവത്കരണ കാമ്പയിൻെറ ഭാഗമായുള്ള 'പ്രതിജ്ഞാ കണ്ണാടി'യിൽ ഒപ്പുവെക്കുന്നവർ

# നായനാരുടെ ഓർമകളിൽ മകൾ ഇവിടെ

ഇ.ടി.പ്രകാശ്

ഷാർജ: മെയ് 19- മുൻ മുഖ്യമന്ത്രിയും സി.പി.എമ്മിൻെറ കരുത്തനായ നേതാവുമായിരുന്ന ഇ.കെ.നായനാർ വിടപറഞ്ഞ് പത്തുവർഷം പിന്നിടുന്ന ദിവസം. അച്ഛനെക്കുറിച്ചുള്ള, കേരളജനതയുടെ പ്രിയപ്പെട്ട നേതാവിനെക്കുറിച്ചുള്ള ഓർമ്മകളിലാണ് ഷാർജയിലുള്ള മകൾ സുധ.

മകൾ സൂര്യയോടൊപ്പം കഴിയാനായാണ് ഏതാനും നാൾ മുമ്പ് സുധ ഭർത്താവ് രവി നമ്പ്യാർക്കൊപ്പം ഷാർജയിലെത്തിയത്.

ആദ്യമായാണ് മകൾ സുധ അച്ഛൻെറ ചരമദിനത്തിൽ കല്യാശ്ശേരിയിലെ വീടായ ശാരദാസിലില്ലാതെപോകുന്നത്. ഈ പരിഭവം അമ്മ ശാരദട്ടീച്ചർ മകളോട് ഫോണിലൂടെ നിരന്തരം പറയുകയും ചെയ്യുന്നുണ്ട്. ആ നൊമ്പരത്തിനിടയിലും മകളുടെകൂടെ കുറച്ചുദിവസം താമസിക്കാൻ ലഭിച്ച സന്തോഷത്തിലാണ് സുധ.

നേരത്തേ 15 വർഷം അബുദാബിയിൽ ഭർത്താവിൻെറ കൂടെയുണ്ടായിരുന്ന സുധയ്ക്ക് ഇ.കെ.നായനാർ യു.എ.ഇ.യിലെ മലയാളിക്കിടയിൽ സൃഷ്ടിച്ചെടുത്ത സ്നേഹത്തിൻെറ സ്വാധീനം നേരിട്ടനുഭവമുള്ളതാണ്. യു.എ.ഇ. കസ്റ്റംസ് വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു രവി നമ്പ്യാർ. 1987-ൽ ഭർത്താവ് ജോലിയിൽനിന്നു വിരമിച്ചപ്പോളാണ് സുധയും നാട്ടിലേക്കു മടങ്ങിയത്. ഏറ്റവുംകൂടുതൽകാലം കേരളം ഭരിച്ച നായനാർക്കു ശേഷം വി.എസ്. അച്യുതാനന്ദൻ അഞ്ചുവർഷം ഭരിച്ചപ്പോഴും മികച്ച ജനകീയഭരണം കാഴ്ചവെയ്ക്കാൻ സാധിച്ചെന്നു തന്നെയാണ് സുധയുടെ അഭിപ്രായം. അടുത്തുതന്നെ ഇടതുപക്ഷം വീണ്ടും അധികാരത്തിലേറുമെന്നും അവർ വിശ്വസിക്കുന്നു.






സമ്പൂർണസാക്ഷരത നടപ്പാക്കിയതും കർഷകത്തൊഴിലാളി പെൻഷൻ ആരംഭിച്ചതുമുൾപ്പെടെ നിരവധി വികസനപദ്ധതികൾ നടപ്പാക്കിയത് അച്ഛൻെറ ഭരണകാലത്താണെന്നത് അഭിമാനവും സന്തോഷവും നൽകുന്നതാണെന്ന് സുധ പറഞ്ഞു. നായനാരുടെ ചരമദിനത്തിൽ മാത്രമല്ല ഓണം, വിഷു തുടങ്ങിയ ആഘോഷങ്ങൾക്കെല്ലാം അമ്മയുടെകൂടെ മക്കളെല്ലാം ഒത്തുകൂടുമായിരുന്നു. നായനാർ ജീവിച്ചിരിക്കുമ്പോഴും ആഘോഷദിനങ്ങളിൽ മക്കളുടെയും പേരക്കുട്ടികളുടെയും കൂടെ വീട്ടിൽക്കഴിയാൻ ശ്രമിക്കാറുണ്ടെന്ന് സുധ ഓർമ്മിച്ചു. ജനങ്ങൾക്കിടയിൽ ചെലവഴിച്ച കൂടുതൽ സമയവും നർമ്മത്തിൽ ചാലിച്ച് സംസാരിക്കുമെങ്കിലും വീട്ടിൽ അച്ഛൻ പതിവുഗൗരവം കൈവിടാറില്ല. മക്കളുടെ പഠിപ്പും അധ്യാപികകൂടിയായ അമ്മയുടെ ചുമതലയിൽത്തന്നെയായിരുന്നു. നായനാർ മൊബൈൽ ഉപയോഗിക്കാൻ തുടങ്ങിയ ആദ്യകാലങ്ങളിൽ അതിൻെറ സാങ്കേതികരീതികൾ പേരമകൾ സൂര്യയോടുംമറ്റുമായിരുന്നു ചോദിച്ചുമനസ്സിലാക്കിയിരുന്നതെന്ന് സുധ പറഞ്ഞു. ഭക്ഷണംകഴിക്കുന്ന അവസരങ്ങളിൽ മാത്രമായിരുന്നു മക്കൾക്ക് അച്ഛനെ സംസാരിക്കാൻ ലഭിച്ചതും പേരക്കുട്ടികളുടെ പഠനകാര്യം ചോദിച്ചറിഞ്ഞതും. ഇപ്പോഴും കല്യാശ്ശേരിയിലെ വീട്ടിൽ നായനാരെ സ്നേഹിക്കുന്നവരുടെ വരവു തുടരുകയാണ്. രണ്ടുദിവസം മുമ്പും നിലമ്പൂർ, പരപ്പനങ്ങാടി ഭാഗങ്ങളിൽനിന്ന് ഒരു ബസ് നിറയെ ആളുകൾ വീട്ടിലെത്തിയതായി ശാരദട്ടീച്ചർ മകളെ വിളിച്ചറിയിച്ചു. ഇതൊക്കെ ഏറെ അഭിമാനം നൽകുന്നു. നായനാരുടെ എഴുത്തു-വായനമുറിയാണ് എല്ലാവർക്കും കാണേണ്ടത്. കല്യാശ്ശേരിവഴി പോകുന്ന മിക്ക നേതാക്കളും ഇടയ്ക്കെല്ലാം വീട്ടിൽവന്ന് പോകും. നായനാർ അവസാനകാലം ഉപയോഗിച്ച വാച്ചും കണ്ണടയുമെല്ലാം നിയമസഭാ മ്യൂസിയം ഗാലറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. വേഷവിധാനത്തിലെല്ലാം കാര്യമായി ശ്രദ്ധിക്കുന്ന അച്ഛന് ബീഡിവലി കൂടിയപ്പോൾ ഒടുവിൽ അമ്മയും പാർട്ടിയും നിയന്ത്രണം കൊണ്ടുവന്നതായി മകൾ ഓർമ്മമിച്ചു. അവസാനകാലം ചോദിച്ചിട്ടും അമ്മ കൊടുക്കാതെവെച്ച ഒരുകെട്ട് ദിനേശ് ബീഡി ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ടെന്ന് വേദനയോടെ സുധ പറഞ്ഞു. സൂര്യയെക്കൂടാതെ സൂരജ് (തിരുവനന്തപുരം), സംഗീത് (മലേഷ്യ) എന്നിവരാണ് സുധയുടെ മറ്റു മക്കൾ. പാലക്കാട് സ്വദേശി ദീപക് (ദുബായ്) മരുമകനാണ്.

# സെർവിക്കൽ കാൻസർ: ബോധവത്കരണവും സൗജന്യ പരിശോധനയും

ദുബായ്: സുലേഖ ഹോസ്പിറ്റലിൻെറ നേതൃത്വത്തിൽ സ്ത്രീകൾക്കായി സൗജന്യ പാപ് സ്മിയർ പരിശോധന നടത്തുന്നു. ഗർഭാശയ ഗള (സെർവിക്കൽ) കാൻസറിനെതിരെ നടത്തുന്ന കാമ്പയിൻെറ ഭാഗമായാണ് 2015 ആഗസ്റ്റ് 31 വരെ സൗജന്യ കൺസൾട്ടേഷനും സൗജന്യ രോഗനിർണയവും അനുവദിക്കുന്നത്. ദുബായ്, ഷാർജ എന്നിവിടങ്ങളിലുള്ള സുലേഖ ആസ്പത്രികളിൽ സൗജന്യം ലഭ്യമാണ്.

'സ്മിയർ, ഡോണ്ട് ഫിയർ' എന്ന പേരിൽ നടത്തുന്ന കാമ്പയിൻ ദുബായ് ലേഡീസ് ക്ലബ്ബ്, ദുബായ് ഫസ്റ്റ് എന്നിവയുടെ സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്. നേരത്തേയുള്ള രോഗനിർണയത്തിലൂടെ രോഗത്തെ വിദഗ്ധമായി നേരിടുകയും അതിനായി കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് പ്രേരിപ്പിക്കുകയുമാണ് കാമ്പയിൻെറ ലക്ഷ്യം.

ഗർഭാശയഗള കാൻസറിനെതിരെ വ്യാപക ബോധവത്കരണം ആവശ്യമാണെന്ന് സുലേഖാ ആസ്പത്രിയിലെ ഗൈനക്കോളജിസ്റ്റും വക്താവുമായ ഡോ. ബെറ്റി ജോൺ പറഞ്ഞു. യു.എ.ഇ.യിൽ ഗർഭാശയഗള അർബുദം ബാധിക്കുന്നവരുടെ എണ്ണം അനുദിനം വർധിച്ചുവരികയാണ്. അനാരോഗ്യ ലൈംഗികബന്ധം അർബുദം പടരാനുള്ള ഒരു കാരണമാണ്. ഹ്യൂമൻ പാപിലോമ വൈറസ്സാണ് രോഗം പരത്തുന്നത്. 25 വയസ്സിനുമുകളിലുള്ള സ്ത്രീകൾ ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയരാകണം. രാജ്യത്ത് ഗർഭാശയഗള കാൻസർ പൂർണമായും ഇല്ലാതാക്കാൻ പ്രതിരോധ കുത്തിവപ്പുകൾ വേണമെന്നും ഡോ. ബെറ്റി ജോൺ പറഞ്ഞു.

കാമ്പയിൻ ഉദ്ഘാടനത്തിൻെറ ഭാഗമായി സ്ഥാപിച്ച 'പ്രതിജ്ഞാ കണ്ണാടി'യിൽ സുലേഖ ഹോസ്പിറ്റൽ സ്ഥാപക ഡോ. സുലേഖ ഒപ്പുവെച്ചു. തുടർന്ന് ഡോക്ടർമാരും മറ്റു ജീവനക്കാരും ഒപ്പുവെക്കലിൽ പങ്കാളികളായി. കാലിഫോർണിയ സർവകലാശാലയിലെ ഡോ. പമേല മുൺസ്റ്റർ, ഡി.എച്ച്.എ. ഡയറക്ടർ ഡോ. ലെയ്‌ല മുഹമ്മദ് അൽ മർസൂഖി, ദുബായ് ഫസ്റ്റ് ബോർഡ് അംഗം ഹുദ അബ്ദുല്ല, ദുബായ് ലേഡീസ് ക്ലബ്ബ് ഡയറക്ടർ ലാമിയ അബ്ദുൽ അസീസ് ഖാൻ, സുലേഖ ഹോസ്പിറ്റൽ സി.ഇ.ഒ. സനൂബിയ ഷംസ് തുടങ്ങിയവർ പങ്കെടുത്തു.


നിങ്ങൾ ചെയ്യേണ്ടത്

1. മാതൃഭൂമി ഇൻസൈറ്റ് മൊബൈലിൽ അല്ലെങ്കിൽ ടാബ്‌ലെറ്റിൽ ഡൗൺലോഡ് ചെയ്യൂ AppStore അല്ലെങ്കിൽ http://minsight.mobi യിൽ നിന്ന്.
2. m അടങ്ങിയ ഫുൾ ഇമേജ് മൊബൈൽ/ടാബ്‌ലെറ്റ് ഉപയോഗിച്ച് സ്കാൻ ചെയ്യൂ.
3. വീഡിയോ/ഫോട്ടോകൾ കാണൂ.

m insight

ഇന്നത്തെ പ്രധാന വീഡിയോകൾക്ക് ഈ പരസ്യം സ്കാൻ ചെയ്യൂ.



Mathrubhumi
Printing & Publishing Co. Ltd.
P O Box no: 500674
302, Zee Tower Building
Dubai Media City, Dubai

Tel : + 9714 4562240
Fax : + 9714 4562260
Mob: +97150 5948782

Advertisement Enquiries
advtgulf@mpp.co.in
Editorial Enquiries
uae@mpp.co.in
Subscription Enquiries
subscriptiongulf@mpp.co.in






City Exchange

Head Office : Dubai. Tel: 04-3933874
E-mail : ho@cityexchangeuae.com

16 Branches all over UAE

In Association with State Bank of Travancore

വിനിമയ നിരക്ക്
(1000 രൂപയ്ക്ക് തുല്യമായ)

| | |
|---|---|
| യു.എ.ഇ ദിർഹം | 57.87 |
| സൗദി റിയാൽ | 59.01 |
| കുവൈത്ത് ദിനാർ | 4.44 |
| ഒമാൻ റിയാൽ | 6.07 |
| ബഹ്റൈൻ ദിനാർ | 5.97 |
| ഖത്തർ റിയാൽ | 57.34 |

* Rates shown are indicative

www.cityexchangeuae.com


Published by P.V. Chandran at the Mathrubhumi Buildings, K.P.Kesava Menon Road, Kozhikode, Kerala, India-673001 and printed by Galadari Printing & Publishing LLC, P.O. Box: 11243, Dubai, U.A.E. for the Mathrubhumi Printing & Publishing Company Limited, K.P. Kesava Menon Road, Kozhikode, Kerala, India ◆ Volume No. 3 Issue No. 61